രക്ഷയുടെ പാതയിൽ–3



3

# ജീവദാതാവായ ദൈവം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം




1. ജീവൻ നൽകുന്ന ദൈവം
2. ദൈവികജീവൻ നഷ്ടപ്പെടുന്ന മനുഷ്യൻ
3. പാപം ബന്ധങ്ങളെ തകർക്കുന്നു
4. പാപത്തിന്റെ ഫലം നാശം
5. രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം
6. രക്ഷയിലേക്ക് നയിക്കുന്ന ദൈവം
7. കല്പനകൾ : ജീവന്റെ വഴികൾ
8. കല്പനകളുടെ ലംഘനം : പാപം
9. കല്പനകൾ പാലിച്ച ഈശോ
10. ആത്മാവിനാൽ അഭിഷിക്തനായ ഈശോ
11. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ
12. കൂദാശകൾ : ജീവന്റെ അരുവികൾ
13. ഈശോയാൽ അയയ്ക്കപ്പെട്ടവർ
14. ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
15. ആത്മാവിനാൽ സാക്ഷ്യം നൽകിയവർ .

പാഠം 10

# ആത്മാവിനാൽ അഭിഷിക്തനായ ഈശോ






ഈശോ മുപ്പതുവയസ്സുവരെ
നസ്രത്തിലെ വീട്ടിൽ വസിച്ചു.
അതിനുശേഷം
യോർദ്ദാനിൽവന്ന്
സ്നാപകയോഹന്നാനിൽനിന്നു
മാമ്മോദീസാ സ്വീകരിച്ചു.
**അപ്പോൾ പരിശുദ്ധാത്മാവ്**
**പ്രാവിന്റെ രൂപത്തിൽ**
**അവിടുത്തെമേൽ ആവസിച്ചു.**

ഈശോ താൻ വളർന്ന സ്ഥലമായ നസ്രത്തിൽ വന്നു. പതിവുപോലെ ഒരു സാബത്തുദിവസം സിനഗോഗിൽ പ്രവേശിച്ച് വായിക്കുവാൻ എഴുന്നേറ്റു നിന്നു. അവിടുന്ന് ഏശയ്യ പ്രവാചകന്റെ പുസ്തകത്തിൽ നിന്ന് ഇപ്രകാരം വായിക്കാൻ തുടങ്ങി.





കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു (ലൂക്കാ 4:18–20)

വായനകഴിഞ്ഞപ്പോൾ ഈശോ ജനങ്ങളോടു പറഞ്ഞു: നിങ്ങൾ കേട്ടിരിക്കെത്തന്നെ ഈ വചനം പൂർത്തിയായിരിക്കുന്നു.



ഈശോ ശിഷ്യന്മാരോടു പറഞ്ഞു: നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് മാമ്മോദീസാ നൽകുവിൻ (മത്തായി 28:19–20).



പിതാവിന്റെയും പുത്രന്റെയും
പരിശുദ്ധാത്മാവിന്റെയും
നാമത്തിലാണ് മാമ്മോദീസാ നൽകപ്പെടുന്നത്.



മാമ്മോദീസാ നമുക്ക് പാപമോചനവും ദൈവികജീവനും പ്രദാനം ചെയ്യുന്നു. അതുവഴി നമ്മൾ ദൈവമക്കളും സ്വർഗത്തിന് അവകാശികളുമായിത്തീരുന്നു. ദൈവികജീവനെ കൃപാവരം എന്നും പറയും. നമ്മിലുള്ള ഉത്ഭവപാപത്തെ നീക്കിക്കളയുന്നത് മാമ്മോദീസായാണ്.



ദൈവമക്കളായി ജീവിക്കുന്നതിനുള്ള ശക്തി ദൈവികജീവൻ നമുക്കു നൽകുന്നു. മാമ്മോദീസായിലൂടെ നമ്മെ ദൈവപുത്രരാക്കിയ ഈശോയ്ക്കു നന്ദി പറയാം. നമുക്കു ലഭിച്ച ദൈവികജീവൻ നഷ്ടപ്പെടുത്താതെ ജീവിക്കാൻ ശ്രമിക്കാം.



# നമുക്കു പ്രാർത്ഥിക്കാം

മാമ്മോദീസായിലൂടെ എനിക്കുദൈവിക
ജീവൻനൽകിയ
ഈശോയെ, ദൈവികജീവനിൽ വളരു
വാൻ എന്നെ സഹായിക്കണമേ.



# നമുക്കു പാടാം



യോർദ്ദാൻ നദിയിൽ ഈശോ
മാമ്മോദീസാ മുങ്ങി
പാവനാത്മൻ പ്രാവിൻ രൂപേ
താണിറങ്ങിവന്നു.
എൻപ്രിയ പുത്രനിവൻ
താതനന്നു ചൊല്ലി
നമ്മൾ നേടുന്നീവരങ്ങൾ
മാമ്മോദീസാ തന്നിൽ.

# എന്റെ തീരുമാനം

**മാമ്മോദീസായിൽ എനിക്കു ലഭിച്ച ദൈവികജീവൻ നഷ്ടപ്പെടാതെ ഞാൻ കാത്തുസൂക്ഷിക്കും**



Thank you